LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. ഹോളോഗ്രാം സ്റ്റിക്കർ പതിപ്പിച്ച വിദേശമദ്യ കുപ്പികൾ ലൈസൻസ്ഡ് വില്പന ശാലകൾ വഴി വിൽക്കുന്നതുമൂലം സെക്കന്റ് സ് വിദേശ മദ്യത്തിന്റെ വ്യാപനം തടയാൻ കഴിഞ്ഞിട്ടുണ്ട്.

2. സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ എല്ലാ ജില്ലയിലും ഓരോ എക്സൈസ് ഇൻസ്പെക്ടർ ഉൾപ്പെട്ട എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് ഏർപ്പെടുത്തിക്കൊണ്ട് അനധികൃത മദ്യക്കടത്തിന്റെ പ്രവർത്തനം നിരീക്ഷിച്ച് ആയതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.

3. അസ്സസ്മെന്റ് ഓഫീസുകളിലും വില്പന നികുതി ചെക്ക് പോസ്റ്റുകളിലും ഇന്റലിജൻസ് സ്കാഡിന്റെ പരിശോധനകളിലും വിലകുറച്ച് കാണിച്ചിരിക്കുന്നത് കണ്ടുപിടിക്കാൻ ഈ ചരക്കുകൾക്ക് മാർക്കറ്റ് വില നിശ്ചയിച്ച് ആനുപാതിക നികുതി വസൂലാക്കി വരുന്നു.

4. കൂടാതെ മൂല്യവും വില്പനയും കുറച്ച് കാണിച്ചും നികുതി വെട്ടിക്കുവാൻ സാധ്യതയുള്ള ചരക്കുകൾക്കുകൂടി പ്രവേശന നികുതി ഏർപ്പെടുത്തിയതുമൂലം ഇത്തരത്തിലുള്ള നികുതി ചോർച്ചയിലൂടെയുള്ള റവന്യൂ നഷ്ടം ഒരു പരിധിവരെ നിയന്ത്രി ച്ചിട്ടുണ്ട്.

(ബി) ഈ നടപടികളിലൂടെ ലഭ്യമാകുന്ന അധിക വരുമാനത്തിന് പ്രത്യേക ലക്ഷ്യം നിശ്ചയിച്ചിട്ടില്ല.

(സി) ഈ നടപടികൾമൂലം നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(ഡി) പ്രവേശന നികുതിയിൽ നിന്നും 31-1-2005 വരെ കിട്ടിയ വരുമാനം 103.29 കോടിയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ പിരിഞ്ഞുകിട്ടി യതിനേക്കാൾ 42.15 കോടി രൂപ കൂടുതലാണ്.

നികുതി പിരിച്ചെടുക്കുന്നതിനുള്ള കാലതാമസം

14 (3223) ശ്രീ. കെ.എൻ.എ. ഖാദർ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2004-05 സാമ്പത്തിക വർഷം പിരിച്ചെടുക്കേണ്ട നികുതികൾ പിരിച്ചെടുക്കാൻ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

ഇലക്ട്രിസിറ്റി ബോർഡ് ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന തുക സർക്കാരിലേക്ക് ഒടുക്കുവാൻ കാലതാമസം വരുത്തുന്നുണ്ട്. കാലതാമസം ഒഴിവാക്കാൻ ബോർഡുമായി ചർച്ചകൾ തുടർന്നുവരുന്നു. കോടതി സ്റ്റേയിൽ ഉൾപ്പെട്ട നികുതി തുകകൾ പിരിച്ചെടുക്കുന്നതിൽ കാലതാമസം ഉണ്ടാകാറുണ്ട്. മറ്റു നികുതി തുകകൾ പിരിച്ചെടുക്കുന്നതിൽ കാലതാമസം നേരിട്ടിട്ടില്ല.

എസ്.എസ്.ഐ. യൂണിറ്റുകൾക്കും ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾക്കും അനുവദിച്ച നികുതി ഇളവുകൾ

15 (3224) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എസ്.എസ്.ഐ. യൂണിറ്റുകൾക്കും, ഖാദി ഗ്രാമീണ വ്യവസായ യൂണിറ്റുകൾക്കും വില്പന നികുതി ഈടാക്കുന്നതിനും നൽകുന്നതിനും 2002 ജനുവരി വരെ അനുവദിച്ചിരുന്ന ഇളവുകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ :

(ബി) കെ.ജി.എസ്.റ്റി.-യിലെ വ്യവസ്ഥകൾ പ്രകാരമാണോ ഇളവുകൾ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ :

(സി) ഇളവുകൾ അനുവദിച്ചതുമൂലം ഇത്തരം യൂണിറ്റുകൾക്ക് ഉണ്ടായിട്ടുള്ള മെച്ചമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഖാദി വില്ലേജ് ഇൻഡസ്ട്രീസ് യൂണിറ്റുകൾ/എസ്.എസ്.ഐ. യൂണിറ്റുകൾ അവർ ഉല്പാദിപ്പിച്ചുവിൽക്കുന്ന ഉൽപ്പന്നങ്ങളുടെ വിറ്റുവരവിനെയും ഉൽപ്പാദനത്തിനവശേഷിക്കുന്ന അസംസ്കൃത വസ്തുവിന് മേലുള്ള വാങ്ങൽ നികുതിയെയും 31-3-1998 വരെ നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. 1-4-1998 മുതൽ ഈ ഇളവ് വാർഷിക വിറ്റുവരവ് 25 ലക്ഷത്തിന് താഴെയുള്ള യൂണിറ്റുകൾക്ക് മാത്രമായി പരിമിതപ്പെടുത്തി. എന്നാൽ 1-8-1998 മുതൽ വാർഷിക വിറ്റുവരവിന്റെ പരിധി എടുത്തുകളയുകയും നികുതി ഇളവ് എല്ലാ യൂണിറ്റുകൾക്കും വീണ്ടും ബാധകമാക്കുകയും ചെയ്തു. അതിനുശേഷം 1-1-2000 മുതൽ വാർഷിക വിറ്റുവരവ് 10 ലക്ഷത്തിനു താഴെ മാത്രമുള്ള യൂണിറ്റുകൾക്കായി ഇളവ് പരിമിതപ്പെടുത്തി.

(ബി) അതെ.

(സി) നികുതി ഇളവുകൾ ലഭ്യമായതുമൂലം ഇത്തരം യൂണിറ്റുകൾക്ക് തങ്ങളുടെ ഉല്പന്നങ്ങൾ കൂടുതൽ വിറ്റഴിക്കാൻ സാധിച്ചിട്ടുണ്ടെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly